# പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1097    20-03-2012-ൽ മറുപടി നൽകേണ്ടത്.

**"റവന്യൂ വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിലുള്ള പ്രമോഷൻ"**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഉമ്മർ (എം.എൽ.എ.)** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹു. റവന്യൂ മന്ത്രി.** |
| (എ) റവന്യൂ വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിലുള്ള പ്രമോഷൻ ലഭിച്ച് പിന്നീട് അച്ചടക്കനടപടിയുടെ ഭാഗമായി 7.1.2012, 11.1.2012 തീയതികളിൽ ചേർന്ന ലോവർ ഡി.പി.സി. തീരുമാനപ്രകാരം തരംതാഴ്ത്തപ്പെട്ട തഹസിൽദാർമാരുടെ എണ്ണം എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 11 എണ്ണം |
| (ബി) ഇതിൽ എല്ലാ അന്വേഷണറിപ്പോർട്ടും ലഭിച്ച് ലാൻഡ് റവന്യൂ കമ്മീഷൻ അന്തിമവിചാരണ നടത്തിയ ഫയലുകൾ എത്രയെന്ന് അറിയിക്കാമോ; ഇവരുടെ പേരുകൾ വ്യക്തമാക്കുമോ; | (ബി) 2 എണ്ണം - (1) പി.മുഹമ്മദ് നൗഷാദ്, തഹസിൽദാർ (2) പി.മുരളീധരൻ, മുൻ തഹസിൽദാർ, മഞ്ചേരി. |
| (സി) എന്തുകൊണ്ടാണ് ഫയലുകളിൽ അന്തിമ തീർപ്പാകാൻ വൈകുന്നതെന്ന് വിശദമാക്കുമോ; | (സി) നിയമ പ്രകാരവും, വസ്തുതാപരവുമായ തീരുമാനമെടുക്കുന്നതിനായി കൂടുതൽ തെളിവുകളും ഫയലുകളും പരിശോധിക്കേണ്ടതായിട്ടുള്ളത് കൊണ്ടും, അച്ചടക്ക നടപടിയുടെ ഭാഗമായുള്ള നടപടിക്രമങ്ങളും, സ്വാഭാവിക നീതിയും പാലിക്കേണ്ടതായിട്ടുള്ളത്കൊണ്ടുമാണ് ഫയലുകളിൽ അന്തിമ തീർപ്പാകാൻ വൈകുന്നത്. |
| (ഡി) ഇതിൽ അന്വേഷണ റിപ്പോർട്ട് പ്രകാരം കുറ്റവിമുക്തരാകാൻ അർഹതയുള്ളവർ എത്ര പേരുണ്ടെന്ന് അറിയിക്കുമോ; | (ഡി യും) (ഇ യും) അന്വേഷണ റിപ്പോർട്ട് അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഒരു നടപടിക്രമം മാത്രമാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഫയലിലെ മറ്റ് വസ്തുതകൾ പരിശോധിച്ചും അച്ചടക്ക അധികാരിയ്ക്ക് ഉചിതമായ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ. 13/03/2012 ന് കൂടിയ ലോവർ ഡി.പി.സി. യിൽ ടി ഉദ്യോഗസ്ഥരുടെ യോഗ്യത പരിശോധിച്ച് അർഹരായവരെ ഉൾപ്പെടുത്തികൊണ്ട് പുതിയ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ഇ) ഇവരുടെ പേരുകൾ ഉൾപ്പെടുത്തി എന്ന് അഡ്ഹോക്ക് ഡി.പി.സി. ചേർന്ന് പ്രൊമോഷൻ പുന:സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ; | |
| (എഫ്) ഹൈക്കോടതിയോ ട്രിബ്യൂണലോ തീർപ്പ് കൽപ്പിക്കാനാവശ്യമായ ഫയലുകളുണ്ടോ; എങ്കിൽ അവയിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ? | (എഫ്) ഉണ്ട്. തീർപ്പ് കല്പിച്ചിട്ടില്ല. |